**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2522** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഇ-സെയ്ഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **Shri M. M. Mani**<br>**(വൈദ്യുതി വകുപ്പ്മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളെ സുരക്ഷിത വൈദ്യുതി ഉപയോഗത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് ഇ-സെയ്ഫ് എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും മേൽനോട്ടം വഹിക്കുന്നവരുടെയും സുരക്ഷക്കായി സ്വീകരിച്ച നടപടികൾ, നൽകുന്ന പരിശീലനങ്ങൾ ഇവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ, കെ.എസ്.ഇ.ബി ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. വൈദ്യുതി രംഗത്ത് ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ട്. പ്രസരണ വിതരണ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സുരക്ഷാ നടപടി ക്രമങ്ങൾ 08/04/2019 ലെ ബോർഡ് ഉത്തരവ് നമ്പർ. 310/2019 പ്രകാരം നിലവിൽ ഉണ്ട്. വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും, മേൽനോട്ടം വഹിക്കുന്നവർക്കും, പൊതു ജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളും ആണ് കെ.എസ്. ഇ.ബി ലിമിറ്റഡിന്റെ സുരക്ഷാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വൈദ്യുതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും ജില്ലാ അടിസ്ഥാനത്തിലുള്ള വൈദ്യുതി സുരക്ഷ ബോധവൽക്കരണ പരിപാടികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇ-സെയ്ഫ് പദ്ധതി ഏതെല്ലാം | (സി) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ സംയുക്തമായാണ് ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ